പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.92 — 09-06-2014-ൽ മറുപടിക്ക്

## ലഹരി വിരുദ്ധ ക്ലബ്ബുകൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്:<br>" കെ. അച്ചുതൻ:<br>" കെ. ശിവദാസൻ നായർ:<br>" പി. സി. വിഷ്ണുനാഥ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ, കോളേജുകളിൽ എത്ര ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഹയർ സെക്കന്ററിതലം വരെയുള്ള വിദ്യാലയങ്ങളിൽ 1011 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 100 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരി വിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സ്കൂൾ കരിക്കുലം കമ്മിറ്റിയിൽ തീരുമാനമായിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി 'അതിജീവനം' എന്ന കൈപ്പുസ്തകം അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരമേറ്റശേഷം ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു; | (സി) ഈ സർക്കാർ അധികാരമേറ്റശേഷം ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു. |

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2011-12 | 1,19,27,247 |
| 2012-13 | 89,41,085 |
| 2013-14 | 73,38,852 |
| ആകെ | 2,82,07,184 |
| | =========== |

| | |
|---|---|
| (ഡി) കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ സംസ്ഥാനത്തെ എത്ര ലഹരിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം അനുവദിച്ചു; ആകെ എത്ര തുകയാണ് അനുവദിച്ചത് ? | (ഡി) ബിവറേജസ് കോർപ്പറേഷന്റെ സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം 3.5 കോടി രൂപയാണ് ധനസഹായത്തിനായി മാറ്റിവച്ചിട്ടുള്ളത്. ധനസഹായത്തിനർഹരായ 11 സ്ഥാപനങ്ങളെ കണ്ടെത്തുകയും, മൊത്തം 100,35,840/- രൂപ ധനസഹായം നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ